# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3707 21.06.2018-ൽ മറുപടിയ്ക്ക്

## നികുതി വരുമാനത്തിലുണ്ടായ ഇടിവ്

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, പി.ടി. തോമസ്<br>,, വി.പി.സജീന്ദ്രൻ<br>,, കെ.മുരളീധരൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലഘട്ടത്തിലെ നികുതി പിരിവിലെ കാര്യക്ഷമതയെ വിമർശിച്ചുകൊണ്ട് അധികാരത്തിലേറിയ ഈ സർക്കാരിന്റെ ആദ്യവർഷം (2016-17) നികുതി വളർച്ച ഗണ്യമായി കുറഞ്ഞുവെന്നത് വസ്തുതാപരമാണോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ 34038.36 കോടി രൂപയാണ് നികുതി വരുമാനമായി ലഭിച്ചത്. ഇത് മുൻ സാമ്പത്തിക വർഷത്തിലെ നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2886.29 കോടി രൂപ കൂടുതലാണ്. |
| (ബി) | 2015-16 സാമ്പത്തിക വർഷത്തിൽ 10.68 ശതമാനത്തിൽ വളർന്ന തനതു വരുമാനം 2016-17 സാമ്പത്തിക വർഷത്തിൽ 8.16 ശതമാനമായി കുറഞ്ഞത് ധനവകുപ്പിന്റെ പരാജയത്തെ സൂചിപ്പിക്കുന്നതായി വിലയിരുത്തുന്നുണ്ടോ; | (ബി) | 2006-2011 കാലത്ത് ശരാശരി 17.20% തനതു നികുതി വരുമാന വളർച്ച കൈവരിച്ച സ്ഥാനത്ത് 2011-16 -ൽ ആയത് 12.4% ത്തിലേയ്ക്ക് കുത്തനെ ഇടിഞ്ഞു. 2006-2011 ൽ റവന്യൂ വരുമാനത്തിന്റെ 66.8% സംസ്ഥാന തനതു നികുതി വരുമാനമായിരുന്നു. ഇത് 2011-16 ൽ 64% ആയി ഇടിഞ്ഞു. തനതു നികുതി വരുമാനത്തിലുണ്ടായ ഈ തകർച്ചയുടെ പ്രവണത തിരിച്ച പിടിക്കുന്നതിനുള്ള പരിശ്രമം ഇനിയും ലക്ഷ്യം നേടേണ്ടിയിരിക്കുന്നു. ഇത് നേടാനാകുമെന്നാണ് കരുതുന്നത്. |
| (സി) | 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച 2016-17 വർഷത്തെ വില്പന വ്യാപാര നികുതി വളർച്ച നിരക്ക് കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (സി) | 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തെ വില്പന വ്യാപാര നികുതി വളർച്ചാ നിരക്ക് കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറഞ്ഞതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരിവിന്റെ 18 ശതമാന |

| | | | |
|---|---|---|---|
| | | | ത്തോളം വരും. പ്രസ്തുത ഇനത്തിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ 20 ശതമാനത്തോളം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം 6 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എണ്ണക്കമ്പനികളിൽ നിന്നും സാധാരണ 20 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 13 ശതമാനം വളർച്ചയാണ് ഉണ്ടായിരിക്കുന്നത്.<br>അരി, ഗോതമ്പ്, മൈദ, ആട്ട, സൂജി എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കിയതും നികുതി പിരിവ് കുറയുന്നതിനുള്ള ഒരു കാരണമാണ്. ചിക്കന്റെ നികുതിയിനത്തിലും ഉദ്ദേശിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടില്ല. 7 ശതമാനം വളർച്ച മാത്രമേ നേടാൻ കഴിഞ്ഞിട്ടുള്ളൂ. ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. പ്രസ്തുത ഇനത്തിൽ 5 ശതമാനം വളർച്ച മാത്രമാണ് ഉണ്ടായിരിക്കുന്നത്. ബിവറേജസ് കോർപ്പറേഷന്റെ വരുമാനം 2015-16 സാമ്പത്തിക വർഷം 21 ശതമാനം വളർച്ച രേഖപ്പെടുത്തിയ സ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം 6 ശതമാനം വളർച്ച മാത്രമാണ് ഉണ്ടായിരിക്കുന്നത്. സിമന്റ്, ടൈൽസ്, ടിംബർ എന്നിവയിലും വരുമാനത്തിൽ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നോട്ട് നിരോധനം മൂലം ജനങ്ങളുടെ ക്രയവിക്രയ ശേഷിയിൽ ഉണ്ടായ കുറവും നികുതി വരുമാനം കുറഞ്ഞതിനുള്ള ഒരു കാരണമാണ്. |

**സെക്ഷൻ ഓഫീസർ**